ഈ സ്ഥാപനങ്ങൾ വീണ്ടും നടത്തിക്കൊണ്ടുപോകുവാനുമുള്ള നടപടികൾ സ്വീകരിക്കണമെന്നുമാണ് എന്റെ അഭ്യർത്ഥന.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ എനിക്ക് എഴുതിത്തന്നത് കണ്ണൻദേവൻ തോട്ടം ജീവനക്കാർക്ക് അവിടെയൊരു സ്റ്റോർ ഉണ്ടെന്നും അതിന് 6 ലക്ഷം രൂപ വിറ്റുവരവുണ്ടെന്നും അത് ശരിയാക്കണമെന്നുമൊക്കെയാണ്. ഇപ്പോൾ ഇവിടെ പറഞ്ഞത് വേറെ എന്തൊക്കെയോ ആണ്. ഞാൻ ഏതിനാണ് മറുപടി പറയേണ്ടത്?

മി. ഡെപ്യൂട്ടി സ്പീക്കർ: ഈ സ്റ്റോർ നടത്തുന്നത് സിഡ്കോയാണോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, കണ്ണൻ ദേവൻ പ്ലാന്റേഷൻ ജീവനക്കാർക്കും തൊഴിലാളികൾക്കും അവശ്യ സാധനങ്ങൾ വിതരണം ചെയ്യുന്നതിനായി കരാർ നൽകുവാൻ സിഡ്കോ ഒരു സ്റ്റോർ അവിടെ തുറന്നിരുന്നു. അതിന്റെ നടത്തിപ്പ് കാര്യക്ഷമമാക്കണമെന്ന ആവശ്യം തീർച്ചയായും നടപ്പാക്കുന്നതാണ്.

## (15) ഐ. റ്റി. പാർക്ക്

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): സർ, ബഹുമാനപ്പെട്ട മഞ്ചേശ്വരം മെമ്പർ ശ്രീ. പി. ബി. അബ്ദുൾ റസാക് കാസർഗോഡ് ജില്ലയുടെ വ്യവസായ പിന്നോക്കാവസ്ഥയെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. 2011-ൽ എന്റെ മണ്ഡലമായ തൃക്കരിപ്പൂരിൽ ചീമേനി വില്ലേജിൽ 100 ഏക്കർ സ്ഥലത്ത് അന്നത്തെ മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഒരു ഐ.റ്റി. പാർക്കിന് തറക്കല്ലിട്ടു. ഇപ്പോൾ 5 വർഷമായി. അവിടെ ചുറ്റുമതിൽ കെട്ടി, അതിനുമുകളിൽ കമ്പിവേലി കെട്ടി സംരക്ഷിച്ചിരിക്കുകയാണ്. എല്ലാ ഭാഗത്തും റോഡും ഇലക്ട്രിസിറ്റി സൗകര്യവും വാട്ടർ സപ്ലൈ സൗകര്യവുമുള്ളതിനാൽ അനുയോജ്യമായ സ്ഥലമാണത്. പക്ഷേ ഇന്നുവരെ ആ പാർക്കിന്റെ പ്രവൃത്തി ആരംഭിച്ചിട്ടില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എന്നത്തേയ്ക്ക് ഇതിന്റെ പ്രവൃത്തി പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിക്കാൻ സാധിക്കും? ഇതിനുമുമ്പും ഈ വിഷയം സംബന്ധിച്ച് ഞാൻ സബ്മിഷൻ ഉന്നയിച്ചിട്ടുണ്ട്. വേഗത്തിൽ അതിന്റെ പണി ആരംഭിക്കുമെന്ന് അന്ന് ഉറപ്പുനൽകിയതാണ്. പക്ഷെ ഇന്നും അത് ഒരു അനങ്ങാപ്പാറ നിലയിലാണ് നിൽക്കുന്നത്. മറ്റൊരുകാര്യം, അവിടെ എം.എസ്.എം.ഇ. എന്നൊരു സ്ഥാപനം ആരംഭിക്കാൻവേണ്ടി 25 ഏക്കർ സ്ഥലം വിദഗ്ധൻമാർ വന്ന് പരിശോധിച്ച് അനുയോജ്യമാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഏറ്റവും പിന്നാക്കാവസ്ഥയിലുള്ള ഒരു ജില്ലയിലാണിത്. എം.എസ്.എം.ഇ. എന്ന സ്ഥാപനം സെൻട്രൽ ഗവൺമെന്റിൽനിന്ന്

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപിക്കുവാനുള്ള നടപടി സ്വീകരിക്കുമോ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, കാസർഗോഡ് ഐ.റ്റി. പാർക്കിന് ഇപ്പോൾ SEZ പദവി ലഭിച്ചിട്ടുണ്ടെന്ന് മാത്രമല്ല, ആ ഐ.റ്റി. പാർക്കിനുവേണ്ട അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതി, ജലം, കോമ്പൗണ്ട് വാൾ തുടങ്ങിയവയും റെഡിയായിട്ടുണ്ട്. ഇവിടെ ഒന്നാംഘട്ട വികസനത്തിന്റെ ഭാഗമായി 50000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു ഐ.റ്റി. കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. ഈ കെട്ടിടത്തിന്റെ നിർമ്മാണം ഒന്നര വർഷത്തിനകം പൂർത്തിയാക്കാൻ കഴിയുമെന്ന് ഗവൺമെന്റ് പ്രതീക്ഷിക്കുന്നു.

## (16) പോലീസ് സേനാംഗങ്ങൾക്ക് പ്രോത്സാഹനം

ശ്രീ. എ. റ്റി. ജോർജ് : സർ, പോലീസ് സേനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനനുയോജ്യമായ ഐ.എം.ജി. ട്രെയിനിംഗ് ഉൾപ്പെടെ പുതിയ പരിഷ്ക്കാരങ്ങൾ നടപ്പിലാക്കിയ ആഭ്യന്തര വകുപ്പിനെ പ്രശംസിക്കുന്നതോടൊപ്പം പോലീസ് സേനയിലെ ശാസ്ത്രീയ കുറ്റാന്വേഷണം തെളിയിക്കുന്നതിനുള്ള മികവ് മാറ്റുരയ്ക്കുന്ന പോലീസ് ഡ്യൂട്ടി മീറ്റിൽ സംസ്ഥാന തലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കുന്നവർക്ക് ക്യാഷ് അവാർഡ് 57-ാമത് കേരളാ പോലീസ് ഡ്യൂട്ടി മീറ്റിൽ പ്രഖ്യാപിച്ചിരുന്നു. ശാസ്ത്രീയ കുറ്റാന്വേഷണത്തിലെ വിരലടയാള പരിശോധന, കൃത്യസ്ഥലത്തുനിന്ന് ശാസ്ത്രീയമായ രീതിയിൽ തെളിവ് ശേഖരണം, ക്രിമിനൽ സീൻ ഫോട്ടോഗ്രാഫി, ക്രിമിനൽ ലാ, ബോംബ് ഡിറ്റക്ഷൻ എന്നിവയിൽ പോലീസ് ഉദ്യോഗസ്ഥരുടെ അറിവ് എത്രത്തോളമുണ്ടെന്ന് കണ്ടെത്തുന്നതിനുള്ള വേദികളാണ് പോലീസ് ഡ്യൂട്ടി മീറ്റുകൾ. ശാസ്ത്രീയ മാർഗ്ഗങ്ങൾ ഉപയോഗിച്ച് കേസ് അന്വേഷണം നടത്തി തെളിവുകൾ കണ്ടെത്തേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യവും അത് പൊതുജനങ്ങൾക്ക് ഗുണകരവുമാണ്. എല്ലാ പോലീസ് ഉദ്യോഗസ്ഥരേയും പ്രാപ്തരാക്കേണ്ടത് ഡിപ്പാർട്ടുമെന്റിന്റെയും സർക്കാരിന്റേയും കടമയാണ്. മറ്റ് സംസ്ഥാനങ്ങളിൽ ആൾ ഇന്ത്യ പോലീസ് ഡ്യൂട്ടി മീറ്റിൽ വിജയികളാകുന്നവർക്ക് ഒരു റാങ്ക് പ്രൊമോഷൻ ഉൾപ്പെടെ പ്രോത്സാഹിപ്പിച്ചുവരുന്നു. പോലീസ് സേനയുടെ ശാസ്ത്രീയ കുറ്റാന്വേഷണ മികവ് തെളിയിക്കുന്നവർക്ക് മറ്റ് സംസ്ഥാനങ്ങളിൽ നൽകിവരുന്ന പ്രോത്സാഹനം ആൾ ഇന്ത്യ പോലീസ് ഡ്യൂട്ടി മീറ്റിലെ കേരളത്തിലെ വിജയികൾക്ക് നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട ശ്രീ. എ. റ്റി. ജോർജ് ഇവിടെ ഉന്നയിച്ചത് പോലീസിനെ

LIBRARY ARCHIVES Kerala Legislative Assembly